കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൊറയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം
## മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/1827/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി: 23-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൊറയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.22/1827/2017

തിയ്യതി: 23-08-17

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-10-2016 മുതൽ 22-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-07-2017 മുതൽ 1-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. അലി അക്ബർ. കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ജിഷ കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ.എം സലീം മാസ്റ്റർ | 01.04.2016 മുതൽ 31.03.2017വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ രാജേന്ദ്രൻ സി.<br>അസിസ്റ്റന്റ് സെക്രട്ടറി<br>ഇൻ ചാർജ് | 01-04-16 മുതൽ 30-04-16 വരെയും<br>01.05.2016 മുതൽ17.05.2016 വരെയും<br>20.6.16 മുതൽ 2.7.16 വരെയും |

| | | |
|---|---|---|
| | ശ്രീ. ബീരാൻ കുട്ടി ജെ | 18.05.2016 മുതൽ 19.6.16 വരെയും<br>4.7.16 മുതൽ 5.8.16 FN വരെയും |
| | ശ്രീ. പി.പി.ഷുഹൈദ് | 5.8.16AN മുതൽ 17.3.17 FN വരെ |
| | ശ്രീമതി പി.എച്ച് ഷീബ ബീവി<br>അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 17.3.17 AN മുതൽ 31.3.17 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. ബ്ലസ്സി മേരി ബി | 01.04.2016 മുതൽ<br>29.8.16AN വരെ |
| | ശ്രീ. നിഖിൽ ജെ.കുമാർ | 29.8.16FN മുതൽ<br>31.3.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അബ്ദുറഊഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ .ജെയ്സൽ ബാബു | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. നവീൻ എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രമണി കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി റുക്കിയ കെ. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ധന്യ ഡി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷർജാൻ അഹമ്മദ് | 01.04.2016 മുതൽ 31.03.2017 വരെ |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | പാരാമെഡിക്കൽ ലബോറട്ടറികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-1 | |
| 13 | റേഷൻകടക്കാരിൽ നിന്നും | 2-2 | |

| | | | |
|---|---|---|---|
| | തൊഴിൽ നികുതി ഈടാക്കിയില്ല | | |
| 14 | ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 | |
| 15 | ചെക്കുകൾ റീവാലിഡേറ്റ് ചെയ്ത് വിതരണം ചെയ്യേണ്ടതാണ് | 2-4 | |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2-5 | |
| 17 | പരസ്യ നികുതി ഈടാക്കുന്നില്ക്ല | 2-6 | |
| 18 | അനധികൃത നിർമാണം: തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 2-7 | |
| 19 | ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ല | 2-8 | |
| ഭാഗം III<br>ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-1 | |
| 21 | കോൺട്രിബ്യൂട്ടറി പെൻഷൻ അക്കൗണ്ടിലേക്ക് മുഴുവൻ തുകയും അടവാക്കിയില്ല | 3-2 | |
| 22 | തെറ്റായി ശമ്പള നിർണ്ണയം നടത്തി- അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. | 3-3 | |
| 23 | കൈപ്പറ്റു രശീതി ലഭ്യമാക്കിയില്ല | 3-4 | |
| 24 | വാർഷിക പദ്ധതിയിലുൾപ്പെടാത്ത പ്രവൃത്തിക്ക് വികസന ഫണ്ട് അനുവദിച്ചത് | 3-5 | |

| | | | |
|---|---|---|---|
| 25 | പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാത്തത് | 3-6 | |
| 26 | കുടിവെള്ള വിതരണ പദ്ധതിക്കായി തുക നിക്ഷേപിച്ചത് | 3-7 | |
| 27 | ഹോമിയോ - മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-8 | |
| 28 | പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 3-9 | |
| 29 | പരിരക്ഷ ഹോംകെയർ പദ്ധതി മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-10 | |
| 30 | പി.എം.എ.വൈ ഭവന നിർമ്മാണ വിഹിതം നൽകൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-11 | |
| 31 | വെറ്ററിനറി സർജൻ -വിവിധ പദ്ധതികൾ - അപാകതകൾ | 3-12 | |
| 32 | എസ്.എസ്.എ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-13 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ | 4-3 | |

| | | | |
|---|---|---|---|
| | അഡ്വാൻസ് നൽകിയത് | | |
| 36 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 46 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 1/4.3.2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 30.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി, കറന്റ് ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കുമായി യോജിക്കുന്നില്ല.

3. സാമ്പത്തിക പത്രികയിൽ മുൻ വർഷത്തെ താരതമ്യ തുക രേഖപ്പെടുത്തിയിട്ടില്ല.

4.വാർഷിക കണക്കും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | എ.സി. ആർ പ്രകാരം | അസിസ്റ്റന്റ് സെക്രട്ടറി യുടെ സ്റ്റേറ്റുമെന്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട് (S.C.P) യുടെ ചെലവ് | 2470486 | | 1402163 | 1068323 |
| എൻ.ആർ.ജി.എ യുടെ മൊത്തം വരവ് | | 6949938.00 | 6898779 | 51159 |

5. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18780282 |
| വരവ് | 53197379 |
| ആകെ | 71977661 |
| ചെലവ് | 46196180 |
| നിക്കീയിരിപ്പ് | 25781481 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | (RP 40b പ്രകാരം | നീക്കിബാക്കി (lapsed) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 12125833 | 12125833 | 10299276 | 0 | 1826557 | 84.94 |
| വികസനഫണ്ട് എസ്.സി.പി | 0 | 4213467 | 4213467 | 2470486 | 0 | 1742981 | 58.63 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 29136 | 29136 | 4000 | 0 | 25136 | 13.73 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5864922 | 5864922 | 4498724 | 0 | 1366198 | 76.71 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3315675 | 3315675 | 2059150 | 0 | 1256525 | 62.10 |
| 13-ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 0 | 6800523 | 6800523 | 6614437 | 0 | 186086 | 97.26 |

| | | | | | | | |
|---|---|---|---|---|---|---|---|
| ലോക ബാങ്ക് | 0 | 3561199 | 3561199 | 760576 | 0 | 2800623 | 21.36 |
| NREGS | 7682 | 6941933 | 6949615 | 6898779 | 0 | 50836 | |
| ബി. ഫണ്ട് | 0 | | | 32206065 | 0 | 0 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച % |
|---|---|---|---|---|---|---|
| 190 | 61075257 | 120 | 36135601 | 0 | 70 | 63 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്

| | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3,787,251 | 5,871,908 | 2,084,657 | 55.04 |
| നികുതിയേതര വരവുകൾ | 544208 | 930,137 | 385,929 | 70.92 |
| മറ്റു വരവുകൾ | 9409799 | 10,184,916 | 775,117 | 8.24 |
| | 13,741,258 | 16,986,961 | 3,245,703 | 23.62 |

## 1-8 ക്ഷേമ പദ്ധതികൾ

a) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 387720 | 190 |
| കർഷക തൊഴിലാളി വേതനം | 3648960 | 2059 |
| വിധവാ പെൻഷൻ | 12900940 | 7240 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 10944340 | 4362 |
| വികലാംഗ പെൻഷൻ | 3793305 | 1881 |
| വിവാഹ ധനസഹായം | 340000 | 13 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 180800 | 77 |

b) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കളുടെ എണ്ണം | നിശ്ചിത ദിവസത്തി നകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 30 | 21 | 9 | ഇല്ല |
| 2 | കർഷകതൊഴിലാളി വേതനം | 1 | 0 | 1 | ഇല്ല |
| 3 | വിധവാ പെൻഷൻ | 92 | 86 | 6 | ഇല്ല |
| 4 | വാർദ്ധക്യകാല പെൻഷൻ | 322 | 292 | 30 | ഇല്ല |
| 5 | വികലാംഗ പെൻഷൻ | 22 | 15 | 7 | ഇല്ല |
| 6 | വിവാഹ ധനസഹായം | 13 | 13 | ഇല്ല | ഇല്ല |
| 7 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | ഇല്ല | ഇല്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 13638 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

നിർവഹണ ഉദ്യോഗസ്ഥരായ ഹെഡ്മിസ്ട്രസ്, ഹോമിയോ ഡോക്ടർ എന്നിവർ പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഹെഡ്മിസ്ട്രസ് വരവു ചെലവു കണക്കുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. മാസ്റ്റർ ഇങ്കുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സർക്കാർ നിർദേശപ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.07.2017 | 1.3.2017-30.6.2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.3.2008 | 2002-03 മുതൽ 2005-06 വരെ | 11.12.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പാരാമെഡിക്കൽ ലബോറട്ടറികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് 200/- രൂപ രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്. ചട്ടം 5(1) പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതും ആയതിന് 50/-രൂപ രജിസ്ട്രേഷൻ ഫീ അടവാക്കേണ്ടതുമാണ്.

2016-17 ലെ തൊഴിൽ നികുതി, ഡി ആന്റ് ഒ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയൊന്നും പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. (എ എഫ് എസ് പ്രകാരം പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇനത്തിൽ വരവില്ല). മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | അജ്മൽ ഹോസ്പിറ്റൽ മോങ്ങം |
| 2 | ക്രസന്റ് ക്ലിനിക്ക്, മോങ്ങം |
| 3 | ഇഖ്‌റ ക്ലിനിക്ക് ആന്റ് മെഡിക്കൽ ലബോറട്ടറി |
| 4 | ഷിഫ മെഡിക്കൽ ലാബ് |

| | |
|---|---|
| 5 | ബയോ മെഡിക്കൽസ് |
| 6 | ഫാത്തിമ്മ ഡെന്റൽ ക്ലിനിക്ക് |
| 7 | സഹ്ന ഡെന്റൽ ക്ലിനിക്ക് |
| 8 | ഹെൽത്തി സ്മൈൽ ഡെന്റൽ ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 റേഷൻ കടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കണ്ടു. ടി അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/31.07.2017) ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. റേഷൻകടക്കാരിൽ നിന്നും വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 3 ലെ പട്ടിക1 ൽ ക്രമനമ്പർ 143 ആയി പാരാമെഡിക്കൽ സ്ഥാപനങ്ങൾ ,ലാബുകൾ മുതലായവയുടെ നടത്തിപ്പിനും ക്രമ നമ്പർ 149 ആയി റേഷൻ കടകളും ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2016-17 ൽ പഞ്ചായത്തു പരിധിയിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ അവയ്ക്കൊന്നും തന്നെ ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടില്ല എന്നു കാണുന്നു.. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | അജ്മൽ ഹോസ്പിറ്റൽ മോങ്ങം |
| 2 | ക്രസന്റ് ക്ലിനിക്ക്, മോങ്ങം |
| 3 | ഇഖ്റ ക്ലിനിക്ക് ആന്റ് മെഡിക്കൽ ലബോറട്ടറി |

പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കൊന്നും തന്നെ ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചതിന് മേൽ സ്ഥാപനങ്ങൾക്കെതിരായി ചട്ട പ്രകാരം നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-4 അനധികൃത നിർമ്മാണം:തുടർ നടപടി സ്വീകരിക്കേണ്ടതാണ്

അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 8 കെട്ടിടങ്ങൾ നിലവിലുള്ളതായി കാണുന്നു. എന്നാൽ മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലെ സെക്ഷൻ 235 പ്രകാരമുള്ള തുടർ നടപടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

സെക്ഷൻ 235 ഡബ്ല്യു പ്രകാരം മേൽ അനധികൃത കെട്ടിടങ്ങളിൽ നിയമാനുസൃതമായ മാറ്റം വരുത്തുകയോ പൊളിച്ചു മാറ്റുകയോ ചെയ്യൽ, സെക്ഷൻ 235എക്സ് പ്രകാരം നിർമ്മാണം നിർത്തി വെക്കാൻ ഉത്തരവു പുറപ്പെടുവിക്കൽ, സെക്ഷൻ 235 ഇസഡ് പ്രകാരമുള്ള പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ ഒന്നും നിലവിൽ സ്വീകരിക്കുന്നില്ല. മാത്രമല്ല അത്തരം കെട്ടിടങ്ങളിൽ നിന്നും അവ നിയമാനുസൃതമായിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ ഈടാക്കേണ്ടതുണ്ട് (സെക്ഷൻ 235 എ.എ). മേൽ നടപടിക്രമങ്ങൾ പാലിക്കാനും ശേഷിക്കുന്ന അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ചെക്കുകൾ റീവാലിഡേറ്റ് ചെയ്ത് വിതരണം ചെയ്യേണ്ടതാണ്

2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 26.10.2016 മുതലുള്ള പണം പിൻവലിക്കൽ പരിശോധിച്ചു. താഴെ പറയുന്ന ചെക്കുകൾ നാളിതുവരെയായി വിതരണം ചെയ്തിട്ടില്ലെന്നു കാണുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 113702 | 07.10.2016 | 1000 | ശ്രീ വീരാൻകുട്ടി എന്നവരുടെ പേരിലുള്ള ചെക്ക് - ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകുന്നതിനായി |
| 2 | 113743 | 10.01.2017 | 3100 | ഓഫീസ് സ്റ്റേഷനറി വാങ്ങിയ വകയിൽ മലപ്പുറം ഗവ. കോ-ഓപ്പ. സൊസൈറ്റിക്ക് നൽകാനുള്ള തുക |

മേൽ ചെക്കുകൾ നാളിതു വരെയായി വിതരണം ചെയ്യാത്തതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/31.07.2017) നൽകിയ മറുപടിയിൽ ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് നൽകുന്നതാണെന്ന മറുപടിയാണ് നൽകിയത്. ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

താഴെ കാണുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കിയിട്ടില്ല

| ക്രമ നം. | കെട്ടിട നം. | വസ്തു ഉടമയുടെ പേര് | 2016-17 ലെ ഡിമാൻറ് | 2013-14 മുതൽ 2016-17 വരെ ആകെ കുടിശിക |
|---|---|---|---|---|
| 1 | 9/1000 | ബിജു പി. നായർ<br>ഇൻഡസ് | 9870 | 39480 |
| 2 | 9/1000 A | -ടി- | 13284 | 66415 |
| 3 | 13/1000 | -ടി- | 12418 | 49668 |
| 4 | 7/325 A | -ടി- | 14881 | 69445 |

| | | | | |
|---|---|---|---|---|
| 5 | 11/387 | -ടി- | 7980 | 39984 |
| 6 | 12/453 A | കെ. ഗോപകുമാർ റിൽകോ ഇൻഫോകോം ലി. | 4933 | 24749 |
| | | ആകെ | 63366 | 289741 |
| | | ഗ്രാൻഡ് ടോട്ടൽ | | 353107 |

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം മേൽ കെട്ടിടങ്ങളിൽ നിന്നും നികുതി 2013-14 വർഷം മുതൽ കുടിശ്ശികയാണ്. ഇവ കൂടാതെ ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്ത 3 ടവറുകളുടെ വിവരങ്ങളും ലഭ്യമായിട്ടുണ്ട്

1. ശ്രീ .സതീഷ് കുമാർ, കേരള ടവർ, വിഷൻ ഇന്ത്യ, ഹിൽടോപ്, മോങ്ങം

2. ശ്രീ.ഗോപകുമാർ, റിലയൻസ് ഇൻഫോകോം, എ&പി. ആർക്കേഡ്, എസ്.എ. റോഡ്, കൊച്ചിൻ

3. ശ്രീ. കൃഷ്ണപ്രസാദ്, റിലയൻസ് ഇൻഫോകോം, പെരുമ്പള്ളി ടവർ, മഞ്ചേരി

എന്നാൽ പ്രസ്തുത 3 ടവറുകളിൽ നിന്നും നികുതി ഡിമാന്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

മുഴുവൻ ടവറുകളുടെയും വസ്തു നികുതി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കുകയും അടവാക്കാത്ത പക്ഷം നിയമപരമായ തുടർ നടപടി സ്വീകരിക്കുകയും ഇക്കാര്യത്തിലെ പുരോഗതി ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-7 <u>പരസ്യ നികുതി ഈടാക്കുന്നില്ല</u>

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന് അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ 213 കടന്നു പോകുന്ന പ്രദേശമായതിനാലും തനതു വരുമാനങ്ങളിലെ പ്രധാന ഇനമായതിനാലും ഈ ഇനത്തിൽ വൻ തുക പഞ്ചായത്തിനു ഓരോ വർഷവും നഷ്ടപ്പെടുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/29-07-2017-നു ബൈലോ തയാറാക്കാനും പരസ്യ നികുതി ഈടാക്കാനും നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ച് മറുപടി നല്കിയിട്ടുണ്ട്. തുടർ നടപടികളുടെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-8 <u>ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ല</u>

പഞ്ചായത്ത് ഗ്രന്ഥാലയത്തിലെ പ്രവേശന പതിവേട്, വരിസംഖ്യ വിവര പുസ്തകം, ഗ്രന്ഥവിവരപ്പുസ്തകം, വിതരണ പതിവേട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രന്ഥാലയത്തിന് നിയമാവലി തയ്യാറാക്കിയിട്ടില്ല.

2.പ്രവേശനപ്പട്ടിക ലഭ്യമല്ലാത്തതിനാൽ എത്ര അംഗങ്ങളുണ്ടെന്ന് അറിയാനായില്ല. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 2013 നു ശേഷം ആർക്കും തന്നെ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടില്ല.

3.ഗ്രന്ഥ വിവരപ്പുസ്തകത്തിൽ 958 പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പുസ്തകങ്ങളുടെ ഭൗതിക പരിശോധന കാലങ്ങളായി നടത്താത്തതിനാൽ എത്ര പുസ്തകങ്ങളാണ് ഗ്രന്ഥാലയത്തിൽ

യഥാർത്ഥത്തിലുള്ളതെന്ന വ്യക്തമല്ല. വാർഷികമായി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.പുസ്തകങ്ങൾ സമ്പൂർണമായി അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും, ഗ്രന്ഥ കർത്താവിന്റെ പേരും, പ്രസിദ്ധീകരിച്ച വർഷം, അച്ചടിച്ച സ്ഥലം, അച്ചടിച്ച തിയ്യതി, ISBN നമ്പർ (ലഭ്യമാണെങ്കിൽ), പുസ്തകത്തിന്റെ വില എന്നിവ കൂടി ടി രജസ്റ്ററിൽ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

5. ഗ്രന്ഥാലയം പ്രവർത്തിക്കുന്നത് പഞ്ചായത്തിലെ ഒരു ചെറിയ റൂമിലാണ്. ആയതിൽ ഇരുന്ന വായിക്കുന്നതിനുള്ള സൗകര്യം ഇല്ല. ഒരു നെയിം ബോർഡു പോലുമില്ല. ആകെ രണ്ടു അലമാരകളിലായാണ് പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. ഫർണിച്ചറിന്റെ അപര്യാപ്തത മൂലം പുസ്തകങ്ങൾ ശരിയായി ഇനം തിരിച്ച് ക്രമീകരിക്കുന്നതിനുള്ള സൗകര്യം ഇല്ല.

6.സ്ഥിരം പാർട്ട് ടൈം ലൈബ്രേറിയൻ ഉണ്ടെങ്കിലും ലൈബ്രറിയിലല്ല ഫ്രണ്ട് ഓഫീസിലാണ് പ്രവർത്തിക്കുന്നത്. ലൈബ്രറിയുടെ യാതൊരു പ്രവർത്തനങ്ങളും നിലവിൽ നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനും ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രന്ഥാലയം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലേക്ക് വളർത്തുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലൈബ്രറിക്കായി സ്വന്തം കെട്ടിടവും പുതുക്കിയ നിയമാവലിയും ഫർണിച്ചറുകളും സജ്ജമാക്കി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനികവൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2016-17 വർഷത്തെ വിവിധ പ്രോജക്ടുകളിലായി ചെലവഴിച്ച താഴെ പറയുന്ന തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ വൗച്ചർ നമ്പർ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 188/17 മൊറയൂർ പി എച്ച് സി യിലേക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നമ്പർ 35/07-16 / 13.07.2016 | 37150 | കെ എസ് ഇ ബി അസി. എഞ്ചിനീയർ, വള്ളുവമ്പ്രത്തിന് നൽകിയ തുക |
| 2 | 211/17 ഡി പി സി കെട്ടിടത്തിനുള്ള വിഹിതം | ബിൽ നമ്പർ 13/16-17/ 15.02.2017 | 200000 | ഡി പി സി കെട്ടിടത്തിനുള്ള പഞ്ചായത്ത് വിഹിതം നൽകിയത്. |

മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം, തുകകളുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയതു വരെ തുക 237150/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 കോൺട്രിബ്യൂട്ടറി പെൻഷൻ അക്കൗണ്ടിലേക്ക് മുഴുവൻ തുകയും അടവാക്കിയില്ല

പഞ്ചായത്തിലെ എൽ ഡി ക്ലാർക്കുമാരായ ശ്രീമതി ഷംല, ശ്രീമതി ഇന്ദു എന്നീ ജീവനക്കാർ യഥാക്രമം 26.10.13, 11.02.15 എന്നീ തിയ്യതികളിലാണ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളത്. എന്നാൽ NPS മായി ബന്ധപ്പെട്ട പ്രാൺ അക്കൗണ്ട് ലഭിക്കാൻ കാലതാമസം വന്നതു കാരണം 01.11.2015 മുതലാണ് ശമ്പളത്തിൽ നിന്നും NPS അക്കൗണ്ടിലേക്ക് തുക നേരിട്ട് അടവാക്കിയിട്ടുള്ളത്. 31.10.2016 വരെയുള്ള കുടിശ്ശിക തുക അക്കൗണ്ടിൽ അടവാക്കുന്നതിനായി നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് 10.01.2017 ന് ടി ജീവനക്കാർ താഴെ പറയും പ്രകാരം തുക പഞ്ചായത്തിൽ അടവാക്കുകയുണ്ടായി.

| ക്രമ നമ്പർ | പേര് | അടവാക്കിയ തുക | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി ഷംല | 43936 | 26.10.13 to 31.10.15 |
| 2 | ശ്രീമതി ഇന്ദു | 17447 | 11.02.15 to 31.10.15 |

ടി തുകയിൽ 31.07.2015 വരെയുള്ള 36336/- രൂപയും തുല്യമായ പഞ്ചായത്ത് കോൺട്രിബ്യൂഷനും ശ്രീമതി ഷംലയുടെ അക്കൗണ്ടിലേക്കും, 10051/- രൂപയും തുല്യമായ പഞ്ചായത്ത് കോൺട്രിബ്യൂഷനും ശ്രീമതി ഇന്ദുവിന്റെ അക്കൗണ്ടിലേക്കും വൗച്ചർ നമ്പർ 50/01-17 പ്രകാരം അടവാക്കി (92774/-). മേൽ ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കാനവശേഷിക്കുന്ന കുടിശ്ശിക തുക 29992/- രൂപ നാളിതുവരെയായി അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-3 തെറ്റായി ശമ്പള നിർണ്ണയം നടത്തി- അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

30.3.2013 ന് പഞ്ചായത്ത് വകുപ്പിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീമതി ജ്യോതി സ്വരൂപ 04.06.2014 മുതൽ 25.05.2017 വരെ LWAയിലായിരുന്നു. ആയതിനു ശേഷം ജോലിയിൽ പുന പ്രവേശിക്കുന്നത് 26-05.2017 തീയതിയിലാണ്. (പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് മുൻപാണ് ശമ്പള രഹിത അവധിയിൽ പ്രവേശിച്ചത്).

പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് LWAയിൽ പ്രവേശിക്കുന്ന ജീവനക്കാരന്, തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ മുൻകാല സർവ്വീസിലെ എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുമെന്നും മുമ്പത്തെ അതേ കേഡറിൽ തിരികെ വരാനുള്ള അവകാശം മാത്രമേ നിലനിൽക്കുകയുള്ളൂ എന്നും 23-8-12ലെ സർക്കാർ ഉത്തരവ് നമ്പർ GO(P) 471/12/Fin-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീമതി ജ്യോതി സ്വരൂപ എന്നവർക്ക് Rejoin ചെയ്ത തീയതി മുതൽ 2014 വർഷത്തെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 19000 – 43600 രൂപയുടെ ശമ്പള സ്കെയിലിൽ നേരിട്ട് ശമ്പളം നിജപ്പെടുത്തുകയാണ് വേണ്ടിയിരുന്നത്. എന്നാൽ Fixation അനുവദിച്ച് കൊണ്ട് ടിയാരിയുടെ ശമ്പളം ചുവടെ കൊടുത്തിരിക്കും പ്രകാരം നിജപ്പെടുത്തിയതായി കാണുന്നു.

1-7-2014 ന് ശമ്പളം = 19500

26.05.2017 ന് ശമ്പളം = 19500

01.05.2018 ന് ശമ്പളം = 20,000

അനുവദനീയമായ ശമ്പളം

26.05.2017 = 19,000

01.05.2018 =19,500

തുടർന്ന് പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം അടുത്ത ഇൻക്രിമെന്റ് നൽകാവുന്നതാണ്.

തെറ്റായി ശമ്പള നിർണ്ണയം നടത്തിയതുമൂലം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

## 3-4 കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

2016-17 വർഷത്തെ താഴെ പറയും പ്രകാരം ചെലവഴിച്ച തുകക്ക് കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 51/07-16/ 23.07.2016 | 7245 | ഫോട്ടോസ്റ്റാറ്റ് മെഷീൻ ടോണർ റീഫില്ലിംഗ് ഇനത്തിൽ ജനറൽ എക്യുപ്മെന്റ്സ് ആന്റ് ടെക്നോളജി സപ്ലെയേഴ്സ് എന്ന സ്ഥാപനത്തിനു നൽകുന്നതിനായി പിൻവലിച്ച തുക. |

കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/31.07.2017) കൈപ്പറ്റ് രശീതി ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയത് ലഭ്യമാക്കുന്നതു വരെ തുക 7245/- രൂപ തടസ്സം ചെയ്യുന്നു.

## 3-5 വാർഷിക പദ്ധതിയിലുൾപ്പെടാത്ത പ്രവൃത്തിക്ക് വികസന ഫണ്ട് അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസി.എഞ്ചിനീയർ

2015-16 വാർഷിക പദ്ധതിയിൽ ഒരേ പ്രോജക്റ്റിന്റെ പേരിൽ രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുകയും നിയമപരമല്ലാതെയുള്ളത് പഞ്ചായത്ത് ഭരണ സമിതി പരിശോധിച്ച് ക്രമവൽക്കരിച്ച് തുക അനുവദിക്കുകയും യഥാർത്ഥ പ്രോജക്റ്റ് പൂർത്തിയാക്കിയത് സ്പിൽഓവറായി ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതിക്ക് 2016-17 ൽ ചെലവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2015-16 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 129/2016 നമ്പറായി വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മൊറയൂർ തിരുവാലിപ്പറമ്പ് റോഡ് പ്രവൃത്തിയിൽ 110 മീറ്റർ (3മീ. വീതിയിൽ) ടാറിംഗിന് 2ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർവ്വഹണത്തിന് ശ്രീ.സുരേഷ് ബാബു കൺവീനറായി (കരാർ നമ്പർ 76/2015-16 തീയതി 30.09.2015) ഗുണഭോക്തൃസമിതി പഞ്ചായത്തുമായി കരാർ വെച്ചതാണ്. എന്നാൽ ഇതേ പ്രോജക്റ്റ് നമ്പറിൽ തന്നെ 2ലക്ഷം രൂപ അടങ്കലിൽ മറ്റൊരു സാങ്കേതികാനുമതിയിൽ (240/AEE/LSGD/MPM/15-16 തീയതി 11.06.2015) വർഡ് 15ൽ മൊറയൂർ-ഒഴുകൂർ റോഡിൽ നിന്നും തിരുവാലി ഏരിയയിലേക്ക് 48 മീറ്റർ (3മീ. വീതിയിൽ) കോൺക്രീറ്റിംഗിനും ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഈ എസ്റ്റിമേറ്റിനോടൊപ്പമുള്ള പ്രോജക്റ്റ് രേഖ ടാറിംഗിനുള്ള യഥാർത്ഥ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റേതാണ്. ശ്രീ.മുഹമ്മദ് അരിമ്പ്രക്കുന്നൻ കൺവീനറായി (കരാർ നമ്പർ 59/2015-16തീയതി 20.08.2015) പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഗുണഭോക്തൃസമിതി പഞ്ചായത്തുമായി കരാർ വെച്ച പൂർത്തിയാക്കിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. 1,96,125 രൂപ മൂല്യനിർണ്ണയം നടത്തി (DD നമ്പർ 11430/13.01.2016) ഗുണഭോക്തൃ സമിതിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതിയുടെ 19.03.2016 ലെ 3(7) നമ്പർ തീരുമാന പ്രകാരം പ്രോജക്റ്റില്ലാതെ പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക അനുവദിച്ച സാഹചര്യത്തിൽ അംഗീകാരം വാങ്ങി 2016-17 ൽ സ്പിൽ ഓവറായി പ്രോജക്റ്റ് ഉൾപ്പെടുത്തിയത്. 2ലക്ഷം രൂപ മൂല്യനിർണ്ണയം നടത്തി (വൗച്ചർ നമ്പർ / 9/28.02.2017) ഗുണഭോക്തൃ സമിതിക്ക് തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഒരു പ്രോജക്റ്റ് നമ്പറിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതാകാനുമതി വാങ്ങി, നിർവ്വഹണത്തിനായി ഗുണഭോക്തൃ സമിതികളെ തിരഞ്ഞെടുത്തതും നിർവ്വഹണത്തിന്റെയും മോണിറ്ററിംഗിന്റേയും ഘട്ടങ്ങളിൽ പോലും വീഴ്ച കണ്ടെത്താതിരുന്നതും വാർഷിക പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിറ്ററിംഗ് സംവിധാനത്തിലെ ഗുരുതരമായ പാളിച്ചയാണ്.

2. അംഗീകൃത പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനവുമായി ബന്ധമില്ലാതെ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് വികസന ഫണ്ട് അനുവദിച്ചതും പൂർത്തിയാക്കിയ പ്രവൃത്തിക്കായി വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടുത്തിയതും സർക്കാർ അനുമതിയോടെയല്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതികളുടെ ബാഹുല്യം കാരണവും സമയക്ലിപ്തത നിലനിർത്തുന്നതിലേക്കുമായി തിരക്കിട്ട് ചെയ്ത പ്രവൃത്തികളുടെ ഇടയിൽ സംഭവിച്ച ഒരു അബദ്ധമായി ഇതിനെ കണക്കാക്കണമെന്നാണ് വിശദീകരിച്ചത്. നിയമപരമല്ലാതെ ചെയ്ത പ്രവൃത്തിയുടെ ചെലവ് അനുവദിച്ചത് സാധൂകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചില്ല

വാർഷിക പദ്ധതി രൂപീകരണത്തിനായി പുന:സംഘടിപ്പിച്ച വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണ-നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങളിൽ ചുമതലകൾ പൂർണ്ണമായും നിറവേറ്റുന്നതിലും ഗ്രാമസഭകൾ, വികസന സെമിനാർ നടത്തിപ്പിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

1.വർക്കിംഗ് ഗ്രൂപ്പുകൾ:

മുൻവർഷ പ്രോജക്ടുകളുടെയും സ്ഥിതിവിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താനാവശ്യമായ വിശദാംശം എഴുതി തയ്യാറാക്കുന്നതും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. ബന്ധപ്പെട്ട മിനുട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ പല ഗ്രൂപ്പുകളും പദ്ധതി രൂപീകരണ സമയത്ത് യോഗം ചേരുന്നുണ്ടെങ്കിലും അതാതു മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് ക്രോഡീകരണം നടത്തി അവസ്ഥാ വിശകലന റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കരട് പ്രോജക്ട് നിർദ്ദേശങ്ങൾ കൃത്യമായ ഡാറ്റയുടെ അടിസ്ഥാനത്തിലല്ലാതെ പൊതുവായി പ്രസ്താവിക്കുന്ന പ്രവണത വ്യാപകമാണ്. ഉദാഹരണമായി, സാമൂഹ്യക്ഷേമത്തിൽ "സ്ഥലമില്ലാത്തവർക്ക് എല്ലാർക്കും സ്ഥലമെന്ന" നിർദ്ദേശിക്കുകയല്ലാതെ ഗ്രാമപഞ്ചായത്തിൽ വീട് വെക്കാൻ സ്ഥലമില്ലാത്തവരുടെ പ്രാഥമിക ഡാറ്റ പോലും ശേഖരിക്കാനായില്ല. പട്ടിക ജാതി വികസനത്തിൽ 'എസ് സി വിഭാഗത്തിന് പ്രത്യേക കാർഷിക പദ്ധതി ആവിഷ്കരിക്കണമെന്ന് 'നിർദ്ദേശിക്കുമ്പോൾ ഇതിനെല്ലാം ചുമതലപ്പെട്ടവർതന്നെ കയ്യൊഴിയുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. പലപ്പോഴും ചെയർമാനും കൺവീനറുമില്ലാതെ യോഗം ചേരുന്നുണ്ട്. പദ്ധതി രൂപീകരണ സമയത്ത് യോഗം ചേരുന്നതല്ലാതെ തുടർന്നുള്ള നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് പദ്ധതി രൂപീകരണ- നിർവ്വഹണം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

2.പദ്ധതി ആസൂത്രണ ഗ്രാമസഭകൾ:

പദ്ധതി ആസൂത്രണ ഗ്രാമസഭകളുടെ നടത്തിപ്പിന് കൃത്യമായ നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ

വ്യക്തമാക്കിയതാണ്. ഗ്രാമസഭയിൽ പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്, ചുമതലകൾ, മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണം, അടുത്ത വർഷത്തേക്ക് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ അവതരണം നിർബന്ധമായും ഉണ്ടാവേണ്ടതും ആയതിന് ചുമതലയുള്ളവരെ നിയോഗിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയതുമാണ്. ഈ നിർദ്ദേശങ്ങൾ പലപ്പോഴും നടപ്പിലാക്കുന്നില്ല. മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണത്തെപ്പറ്റി റിപ്പോർട്ട് ചെയ്യേണ്ട പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ ഉത്ഘാടനത്തിലേക്ക് പോകുന്നു. യഥാർത്ഥത്തിൽ ഗ്രാമസഭാ ഉത്ഘാടനമെന്ന പരിപാടി തന്നെ നിർദ്ദേശങ്ങളിലില്ല. വികസന സെമിനാറിൽ പങ്കെടുക്കേണ്ട പ്രതിനിധികളെ ഗ്രാമസഭകളിൽ തിരഞ്ഞെടുക്കുന്നില്ല. കരട് പദ്ധതി സംബന്ധിച്ച അവതരണങ്ങളെ തുടർന്ന് പരിശോധനയിൽ അംഗീകരിക്കാത്ത പ്രോജക്ട് നിർദ്ദേശങ്ങൾ, ആയതിന്റ കാരണം, ഭേദഗതി നിർദ്ദേശിച്ചതിന്റെ വിവരം, പുതിയതായി നിർദ്ദേശിച്ചവ, പ്രതീക്ഷിത ചെലവ് എന്നിവയുടെ വിവരം ഗ്രാമസഭാ മിനുട്സിൽ രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ മിനുട്സിൽ ഇത്തരത്തിലുള്ള വിശദാംശം രേഖപ്പെടുത്തിയില്ല.

3.പദ്ധതി വികസന സെമിനാർ

ഗ്രാമസഭകൾ അംഗീകരിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് പദ്ധതി രേഖ ചർച്ച ചെയ്ത് വികസന കാഴ്ചപ്പാടിനും മുൻഗണനകൾക്കും അനുസൃതമാണോ പ്രോജക്ടുകൾ ഉൾപ്പെടുത്തിയതെന്ന് വികസന സെമിനാറിലാണ് പരിശോധിക്കപ്പെടുന്നത്. മിനുട്സിൽ വികസന സെമിനാറിൽ പങ്കെടുത്തവർ ഏത് വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണെന്ന് വ്യക്തമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ നേരത്തേ നിർദ്ദേശിച്ചവ അതേപോലെ അംഗീകരിച്ചവയായി മിനുട്സിൽ രേഖപ്പെടുത്തി കാണുന്നു. പദ്ധതി ആസൂത്രണ ഗ്രാമസഭയുടെ അതേ കാര്യപരിപാടിയാണ് വികസന സെമിനാറിൽ പിന്തുരേണ്ടതെങ്കിലും ഉൽഘാടനത്തിന് പ്രാധാന്യം നൽകി കരട് പദ്ധതി രേഖയിലുള്ള പരിശോധനക്ക് നിർദ്ദേശിച്ച പ്രാധാന്യം നൽകുന്നില്ലായെന്ന് വ്യക്തമാകുന്നു. വികസന സെമിനാറിന്റെ മിനുട്സിൽ യോഗ നടപടിക്രമങ്ങളും, തീരുമാനങ്ങളും പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി, അനുബന്ധ ഉപപദ്ധതികളുടെ, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും, പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതും അവയുടെ മേൽ പഞ്ചായത്ത് ഭരണസമിതിയുടെ കൃത്യമായ മേൽനോട്ടമുണ്ടാവേണ്ടതുമാണ്. അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തി.

## 3-7 കുടിവെള്ള വിതരണ പദ്ധതിക്കായി തുക നിക്ഷേപിച്ചത്

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് തുടങ്ങിയ ഏജൻസികളിൽ വികസന ഫണ്ട് നിക്ഷേപിച്ച് പൂർത്തിയാകാതെ അവശേഷിക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ,തുക | ഏജൻസിയുടെ വിവരം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 172/17: മൊറയൂർ കുടിവെള്ള വിതരണ പദ്ധതി | 2/16.2.17<br>80,000 | കേരള വാട്ടർ അതോറിറ്റി | 2015-16 ൽ തുടങ്ങിയ പദ്ധതിയാണ് |
| 2 | 177/17: പൂഞ്ചോല കുടിവെള്ള വിതരണ പദ്ധതി | 3/16.2.17<br>536750 | കേരള വാട്ടർ അതോറിറ്റി | 2015-16 ൽ തുടങ്ങിയ പദ്ധതിയാണ് |
| 3 | 225/17: മലയത്തൊടി കോളനി കുടിവെള്ള വിതരണ പദ്ധതി | 7/28.2.17<br>37000രൂപ | ഭൂജല വകുപ്പ് മലപ്പുറം | പദ്ധതിയുടെ ജി ഐ പൈപ്പ് മാറ്റി യു പി സി പൈപ്പ് ഫിറ്റ് ചെയ്യാൻ |

ആകെ 6,53,750

കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് ഓഡിറ്റിന് കാലയളവിൽ നിക്ഷേപിച്ച 653,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 3-8 ഹോമിയോ - മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ - മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ) താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| S0190/17<br>ഹോമിയോ - മരുന്ന് വാങ്ങൽ | 100000 (റോഡിതരം) | 100000 | 01/16-17 /30.01.2017 |

HOMCO -ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 30/10/2017 ന് 100000/- രൂപ മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിതുവരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ HOMCO ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നത് വരെ 100000/- രൂപ തടസ്സം ചെയ്യുന്നു.

## 3-9 പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മൊറയൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (മരുന്നും ലാബ് റീഏജന്റ്സും) എന്ന പദ്ധതിക്കായി നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (അലോപ്പതി) താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| S0038/17<br>മൊറയൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 200000 (റോഡിതരം) | 199964 | 06/16-17/ 28.03.2017 |

| | | | |
|---|---|---|---|
| | | | |

മേൽ പ്രൊജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. മരുന്ന് ലഭ്യമാക്കിയിട്ടില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മൊറയൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ, KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക | KMSCL -ന് ട്രാൻസ്ഫർ ചെയ്ത തീയതി/ഡി.ഡി. നമ്പർ |
|---|---|---|
| 06/16-17/28.03.2017 | 160000 | 28-03-2017 |

160000/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നത് വരെ 160000/- രൂപ തടസ്സം ചെയ്യുന്നു

2. <u>ലാബ് റീഏജന്റ്സ് വാങ്ങിയതിൽ ക്വട്ടേഷൻ നടപടികൾ പാലിച്ചിട്ടില്ല.</u>

മൊത്തം 39964 രൂപയുടെ ലാബ് റീഏജന്റ്സ് ആണ് വാങ്ങിയിരിക്കുന്നത്.

അലോപ്പതി മെഡിക്കൽ ഓഫീസർ നൽകിയ രണ്ട് ക്വട്ടേഷൻ വഴി രണ്ട് സ്ഥാപനങ്ങളിൽ നിന്നുമാണ് ലാബ് റീഏജന്റ്സ് വാങ്ങിയിരിക്കുന്നത്. Passbio മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 19974 രൂപയുടെയും, Biochem മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 19990 രൂപയുടെയും ലാബ് റീഏജന്റ്സ് ആണ് വാങ്ങിയിരിക്കുന്നത്. രണ്ട് ക്വട്ടേഷൻ സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് ഫയലിൽ വ്യക്തമല്ല. ക്വട്ടേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. എൽ.എസ്.ജി പ്രൊക്യൂർമെന്റ് മാന്വൽ 2016 പട്ടിക 3.3(vii) പ്രകാരം ക്വട്ടേഷൻ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതിനു ശേഷം പഞ്ചായത്ത് ഭരണ സമിതിയാണ് അംഗീകരിക്കേണ്ടത്. എന്നാൽ, അലോപ്പതി മെഡിക്കൽ ഓഫീസർ നൽകിയ ലാബ് റീഏജന്റ്സ് വാങ്ങുന്നതിനുള്ള രണ്ട് ക്വട്ടേഷനുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച ചെയ്യുകയോ, പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. നിയമപരമായ നടപടികൾ പൂർത്തീകരിക്കാതെ പർച്ചേസ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-10 <u>പരിരക്ഷ ഹോംകെയർ പദ്ധതി മരുന്ന് ലഭ്യമാക്കിയിട്ടില്ല</u>

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ ഹോംകെയർ പദ്ധതിയിയിൽ മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ, KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/തീയതി | തുക | KMSCL -ന് ട്രാൻസ്ഫർ ചെയ്ത തീയതി/ ഡി.ഡി. നമ്പർ |
|---|---|---|---|
| S0037/17<br>പരിരക്ഷ ഹോംകെയർ പദ്ധതി | 08/16-17/30.03.2017 | 150000 | 30-03-2017 |

150000/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നത് വരെ 150000/- രൂപ തടസ്സം ചെയ്യുന്നു.

## 3-11 പി.എം.എ.വൈ ഭവന നിർമ്മാണ വിഹിതം നൽകൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ടിന്റെ പേര് | അടങ്കൽ | ബിൽ നമ്പർ | തുക |
|---|---|---|---|
| പി.എം.എ.വൈ ഭവന നിർമ്മാണ വിഹിതം നൽകൽ (ജനറൽ) (പ്രൊജക്ട് നമ്പർ: S0085/17) | 800000 (വികസന ഫണ്ട്) | 8/10-03-17 | 800000 |
| പി.എം.എ.വൈ ഭവന നിർമ്മാണ വിഹിതം നൽകൽ (എസ്.സി) (പ്രൊജക്ട് നമ്പർ: S0090/17) | 160000 (വികസന ഫണ്ട്) | 7/10-03-17 | 160000 |

മേൽ പ്രൊജക്ടുകളിലായി, 960000/- രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് (A/c No: 559402010006887) 10-03-2017 -ന് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. 40 വീടുകൾ ജനറൽ വിഭാഗത്തിനും 8 വീടുകൾ എസ്.സി വിഭാഗത്തിനും നിർമ്മിക്കുന്നതിനുള്ള ആദ്യ ഗഡുവാണ് കൈമാറിയത്. എന്നാൽ, പദ്ധതിയുടെ തുടർ വിവരം ലഭ്യമല്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതു വരെ ചെലവു തുക, 960000/- തടസ്സം ചെയ്യുന്നു.

## 3-12 വെറ്ററിനറി സർജൻ -വിവിധ പദ്ധതികൾ - അപാകതകൾ

1. തെരുവ് നായ നിയന്ത്രണം - തുടർ വിവരം ലഭ്യമല്ല.

വെറ്റിനറി സർജൻ നിർവഹണം നടത്തിയ തെരുവ് നായ നിയന്ത്രണം എന്ന പ്രോജക്ടിന്റെ ഭാഗമായി (പ്രോജക്ട് നമ്പർ. S0180/17), ചെക്ക് നമ്പർ 4342880 തിയതി 16-01-17 പ്രകാരം 1,00,000/- രൂപ (തനത് ഫണ്ട്) ട്രഷറിയിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ, ജില്ല മൃഗസംരക്ഷണ ഓഫീസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം: 79901140000305) മാറ്റിയിട്ടുണ്ട്. 24.01.2017 ലെ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പി4-3532/16 നമ്പർ കത്തിൽ എ.ബി.സി പ്രോഗ്രാമിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് തുക മാറ്റിയിരിക്കുന്നത്. എന്നാൽ, പദ്ധതിയുടെ നടത്തിപ്പിന്റെ യാതൊരു തുടർ വിവരവും ലഭ്യമാക്കിയിട്ടില്ല. അതിനാൽ, 100000/- രൂപ തടസ്സം ചെയ്യുന്നു.

2. മരുന്ന് സ്റ്റോക്കിലെടുത്തിട്ടില്ല.

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിൽ 75000 രൂപക്ക് മരുന്ന് വാങ്ങിയിട്ടുണ്ട് (ബിൽ നമ്പർ:1/16-02-17). മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടുണ്ടെങ്കിലും, ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പൂർത്തീകരിച്ച് ലഭ്യമാക്കേണ്ടതാണ്.

## 3-13 എസ്.എസ്.എ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

2016-17 ൽ ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ എസ്.എസ്.എ ക്കു വിഹിതം നല്കൽ എന്ന പദ്ധതിയിൽ ചെലവു തുക വിനിയോഗിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

| പദ്ധതി | നം./വർഷം | ബിൽനം./തിയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.എസ്.എ ക്ക് വിഹിതം നല്കൽ | 182/2016-17 | 1.1/2016-17<br>(ധനകാര്യ കമ്മീഷൻ)<br>2.2/2016-17 | 1795400<br>200000<br>1995400 |

ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ ലഭ്യമായ 29.5.2017 തിയതി പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുള്ളത് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ 2016-17 (തിയതി:24.6.2016) ലെ ബജറ്റിലെ അതേ വിവരങ്ങളാണ്. സൗജന്യ യൂണിഫോം (9.068ലക്ഷം), കലാ കായികാധ്യാപകരുടെ ശമ്പളം (31.50ലക്ഷം), ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം (5.97ലക്ഷം) തുടങ്ങിയ ഇനങ്ങൾക്കെല്ലാം തുക ഉപയോഗിച്ചതായി കാണിച്ചെങ്കിലും തൻവർഷത്തെ പദ്ധതി പ്രകാരമുള്ള ചെലവു തുകയായ 19,95,400 രൂപ ഏത് സ്കൂളിലെ ഏതൊക്കെ അധ്യാപകർക്കും വിദ്യാർഥികൾക്കുമാണ് വിനിയോഗിച്ചതെന്ന വിശദമായ വിനിയോഗ വിവരം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാതെ പദ്ധതിക്ക് തുടർന്നും പണം നല്കുന്നത് നിലവിലുള്ള മാർഗ്ഗരേഖകൾക്ക് വിരുദ്ധമായതിനാൽ ആയത് ലഭ്യമാക്കുന്നത് വരെ ചെലവു തുക തടസത്തിൽ വെക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ-വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | പേരും ഒടുക്കിയ ആളുടെ ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013/14-2014/15 | 3-1 | 200000 | ഐ.സി.ഡി.എസ്. സൂപർവൈസർ | 11602102720തിയ്യതി |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53197379 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46196180 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4363545 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 237150 | ശ്രീ. ബീരാൻ കുട്ടി ജെ, സെക്രട്ടറി |
| 3-4 | 7245 | ശ്രീ. ബീരാൻ കുട്ടി ജെ, സെക്രട്ടറി |
| 3-7 | 653750 | ശ്രീ. നിഖിൽ ജെ.കുമാർ, അസി. എഞ്ചിനിയർ. |
| 3-8 | 100,000 | ഡോ.ഷർജാൻ അഹമ്മദ്, മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| 3-9 | 160000 | ഡോ.ധന്യ ഡി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10 | 150000 | ഡോ.ധന്യ ഡി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | 960000 | ശ്രീ. അബ്ദുറഊഫ്, വി.ഇ.ഒ |
| 3-12 | 100000 | ഡോ. നവീൻ.എൻ, വെറ്ററിനറി സർജൻ |
| 3-13 | 1995400 | ശ്രീമതി. റുക്കിയ കെ. |
| ആകെ | 4363545 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല.
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 85-86 | എൽ എഫ് എം 7/936/97 തിയ്യതി 23.10.10 | 2 |
| 86-87<br>87-88 | എൽ എഫ് എം7/937/97 തിയ്യതി 23.10.10 | 5 |
| 88-89<br>89-90 | എൽ എഫ് എം7/938/97 തിയ്യതി 23.10.10 | 13 |

| | | |
|---|---|---|
| 90-91 | എൽ എഫ് എം10/229/95 തിയ്യതി 23.10.10 | 10 |
| 91-92 | എൽ എഫ് എം10/606/93 തിയ്യതി 23.10.10 | 12 |
| 94-95<br>95-96 | എൽ എഫ് എം14/561/13 | 10 |
| 97-98 | എൽ എഫ് എം14/1600/03 തിയ്യതി 23.10.10 | 14 |
| 98-99 | എൽ എഫ് എം17/514/03 തിയ്യതി 23.10.10 | 19 |
| 99-00 | എൽ എഫ് എം17/1279/03 തിയ്യതി 23.10.10 | 22 |
| 00-01 | എൽ എഫ് എം17/417/05 തിയ്യതി 23.10.10 | 29 |
| 01-02 | എൽ എഫ് എം17/199/05 | 7 |
| 02-03 | എൽ എഫ് എം8/2451/07 തിയ്യതി 23.10.10 | 4 |
| 03-04 | എൽ എഫ് എം8/2452/07 തിയ്യതി23.10.10 | 5 |
| 04-05 | എൽ എഫ് എം10/2153/08 തിയ്യതി 6.7.09 | 4 |
| 05-06 | എൽ എഫ് എം10/565/10 തിയ്യതി 3.6.10/5.1/11 | 4 |
| 06-07 | എൽ എഫ് എം10/566/10 തിയ്യതി 3.6.10/5.1/11 | 8 |
| 07-08 | എൽ എഫ് എം14/1450/10 തിയ്യതി 11.11.10/26.4.11 | 22 |
| 08-09<br>09-10 | എൽ എഫ് എം14/1450/10 തിയ്യതി 11.11.10/26.4.11 | 28 |
| 11-12<br>12-13 | എൽ എഫ് എം11/225/15 തിയ്യതി 30.3 15 | 14 |
| 13-14<br>14-15 | കെ എസ് എ എം പി എം 11/2013/16 തിയ്യതി .9.8.16 | 15 |
| 2015-16 | കെ എസ് എ എം പി എം 11/3020/2016 തിയ്യതി തീയതി. 25/01/2017 | 6 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.22/1827/2017

കേരള സംസസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി : 23-08-17

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM.22/1827/2017

Kerala State Audit Department
District office ,Malappuram
Date: 23-08-17

Certified that I have audited the Annual Financial Statement of Morayur Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Morayur Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram